**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 810** **31-01-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഭവന പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ ഏറ്റവും അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്ന തരത്തിൽ അർഹതാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് തല ഓഡിറ്റ് - വിജിലൻസ് സംവിധാനങ്ങളും ശക്തമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരം പദ്ധതികളിൽ അനർഹർ കടന്നു കൂടിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ആനുകൂല്യങ്ങൾ അനർഹർ തട്ടിയെടുക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ ഏറ്റവും അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്ന തരത്തിൽ അർഹതാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് തല ഓഡിറ്റ് - വിജിലൻസ് സംവിധാനങ്ങളും ശക്തമായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തുടനീളം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ ക്ഷേമ പദ്ധതികളിൽ അനർഹർ കടന്നു കൂടിയതായി ഉള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലതിരിച്ചും പദ്ധതി തിരിച്ചും വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | അനർഹർക്ക് ആനുകൂല്യങ്ങൾ നൽകി അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട സഹായങ്ങൾ നിഷേധിച്ചതിന് ഉത്തരവാദികളായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നാളിതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | അനർഹർക്ക് ആനുകൂല്യങ്ങൾ നൽകി അർഹതപ്പെട്ടവർക്ക് സഹായങ്ങൾ നിഷേധിച്ചെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ